

# സീറോ മലബാർ സഭയിൽ ജനാഭിമുഖ ബലിയർപ്പണം വിശ്വാസികളുടെ അവകാശമോ?

**ഡോ. ജെയിംസ് മാത്യു പാമ്പാറ** സി.എം.ഐ.

**ആമുഖം**

അടുത്ത കാലത്ത് എറണാകുളം കലൂർ സ്റ്റേഡിയത്തിൽ വച്ചുനടന്ന വിശ്വാസ സംരക്ഷണറാലിയിലും സമ്മേളനത്തിലും കേട്ട ഒരു മുദ്രാവാക്യമായിരുന്നു ജനാഭിമുഖ ബലിയർപ്പണം വിശ്വാസികളുടെ അവകാശമാണ് എന്നത്. ഈ അവകാശവാദം തെറ്റാണ് എന്ന് ഈ ലേഖകൻതന്നെ *കർമ്മലകുസുമ*ത്തിലെ മുൻലേഖനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതാണെങ്കിലും എറണാകുളം-അങ്കമാലി അതിരൂപതയിൽപ്പെട്ട സമർപ്പിതരും അൽമായരുമായ ചിലരോടുള്ള സംവാദത്തിൽനിന്നും ഇപ്പോഴും പലർക്കും സഭയുടെ ലിറ്റർജി അഥവാ ആരാധനക്രമത്തെപ്പറ്റിയും സഭയിലെ വിശ്വാസികളുടെ അവകാശങ്ങളെയും ഉത്തരവാദിത്വങ്ങളെയുംകുറിച്ച് വ്യക്തമായ അറിവില്ല എന്നുള്ള തിരിച്ചറിവിലേക്ക് എത്തുകയും ചെയ്തതാണ് ഈ ലേഖനം എഴുതുവാനുള്ള പ്രചോദനം.

"പൗരസ്ത്യസഭകളുടെ കാനോനിക സംഹിത" (CCEO) മുപ്പത് ശീർഷകങ്ങളായി (Titles) തിരിച്ചിരിക്കുന്നു. അതിലെ ഒന്നാമത്തെ ശീർഷകം "വിശ്വാസികളുടെ അവകാശങ്ങളും കടമകളും" (CCEO cc. 7-26) എന്നതാണ്. 'ജനാഭിമുഖ കുർബാന' സീറോ-മലബാർ സഭാതനയരെ സംബന്ധിച്ചിടത്തോളം ഒരു അംഗീകരിച്ചു കിട്ടേണ്ട അവകാശമാണോ എന്നറിയുവാൻ ആദ്യമായി ഈ ശീർഷകത്തിൻ കീഴിൽ കൊടുത്തിരിക്കുന്ന അവകാശങ്ങളും കടമകളും മനസ്സിലാക്കുകയാണ് വേണ്ടത്. അതിനുശേഷം കത്തോലിക്കാ സഭയുടെ ഭരണസംവിധാനത്തിൽ സീറോ-മലബാർ സഭയുടെ സ്ഥാനമെന്തെന്നും അതുപോലെ ബലിയർപ്പണം എന്താണെന്നുംകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

**1. സീറോ-മലബാർ സഭ, കത്തോലിക്കാസഭയിലെ ഒരു സ്വയാധികാര സഭയാണ് (sui iuris Church)**

കത്തോലിക്കാസഭ എന്ന് പറയുന്നത്, പത്രോസിന്റെ പിൻഗാമിയായ റോമാ മാർപാപ്പയുടെ കീഴിൽ വ്യത്യസ്തങ്ങളായ സ്വയാധികാരസഭ (sui iuris Church)കളുടെ കൂട്ടായ്മയാണ്. ഇതിൽ ഏറ്റവും വലുത് പാശ്ചാത്യസഭ അഥവാ ലത്തീൻ സഭയാണ്. അതുപോലെ ഇരുപത്തിമൂന്ന് പൗരസ്ത്യ സ്വയാധികാര സഭകൾ കൂടി കൂടുന്നതാണ് കത്തോലിക്കാതിരുസ്സഭ. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഇന്നത്തെ കത്തോലിക്കാസഭയെന്ന് പറയുന്നത് ഇരുപത്തിനാല് സ്വയാധികാരസഭകളുടെ കൂട്ടായ്മയാണ്. ഇവകൾതമ്മിൽ അംഗബലത്തിന്റെ കാര്യത്തിൽ അജഗജാന്തര വ്യത്യാസമുണ്ടെങ്കിലും എല്ലാ സ്വയാധികാരസഭകളും തുല്യമാണെന്നും ഓരോ സഭയും തങ്ങളുടെ വ്യക്തിത്വവും പാരമ്പര്യങ്ങളും സംരക്ഷിക്കണമെന്നും രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു: "ഓരോ സഭയുടെയും പാരമ്പര്യങ്ങളെ പൂർണ്ണമായും അഭംഗമായും സംരക്ഷിക്കണം എന്നതാണ് കത്തോലിക്കാസഭയുടെ പ്രബോധനം" (പൗരസ്ത്യസഭകൾ, 2). സ്ഥലകാല സാഹചര്യങ്ങൾക്ക് അനുസൃതമായ അനുരൂപണം അനുവദനീയമാണെങ്കിലും അവ ശരിയായ പാരമ്പര്യത്തിന് അനുസരണമായിരിക്കണം (ആരാധനക്രമം, 4).

ഇങ്ങനെയുള്ള ഇരുപത്തിമൂന്ന് പൗരസ്ത്യ സ്വയാധികാരസഭകളിൽ അംഗസംഖ്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന സഭയാണ് സീറോ-മലബാർ സഭ. കത്തോലിക്കാസഭയിലെ ഇങ്ങനെയുള്ള 24 സ്വയാധികാരസഭകളും ചരിത്രപരമായി ആറ് ആരാധനക്രമപാരമ്പര്യങ്ങളിലേതിലെങ്കിലും ഒന്നിൽപ്പെട്ടവയാണ്. കത്തോലിക്കാസഭയിലെ ആറ് ആരാധനക്രമപാരമ്പര്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. റോമൻ ആരാധനക്രമപാരമ്പര്യം
2. അലക്സാണ്ഡ്രിയൻ ആരാധനക്രമപാരമ്പര്യം
3. അന്ത്യോക്യൻ ആരാധനക്രമപാരമ്പര്യം
4. പൗരസ്ത്യ സുറിയാനി അഥവാ കൽദായ ആരാധനക്രമപാരമ്പര്യം
5. അർമേനിയൻ ആരാധനക്രമപാരമ്പര്യം
6. ബൈസന്റൈൻ ആരാധനക്രമപാരമ്പര്യം.

ഈ മേൽപ്പറഞ്ഞവയിൽ, പൗരസ്ത്യ സുറിയാനി അഥവാ കൽദായ ആരാധനക്രമപാരമ്പര്യത്തിൽ വരുന്നതാണ് സീറോ-മലബാർ സഭ. ഇതേ ആരാധനക്രമപാരമ്പര്യത്തിൽപ്പെടുന്ന മറ്റൊരു സ്വയാധികാരസഭയാണ് കൽദായ സഭ. മറ്റൊരു വാക്കിൽ പറഞ്ഞാൽ, സീറോ-മലബാർ സഭ കൽദായ സഭയല്ല; കൽദായ സഭ സീറോ-മലബാർ സഭയുമല്ല. പ്രത്യുത, രണ്ടും സ്വയാധികാര (sui iuris) സഭകളാണ് - ഒരേ ആരാധനക്രമപാരമ്പര്യത്തിൻ കീഴിൽ വരുന്ന സ്വയാധികാരസഭകൾ.

'സ്വയാധികാര സഭ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്ന് പൗരസ്ത്യ കാനോനിക സംഹിതയിലെ 27-ാം കാനോന ഇങ്ങനെ നിർവചിച്ചിരിക്കുന്നു: "നിയമാനുസൃതം ഒരു ഹയരാർക്കിയാൽ കൂട്ടിയോജിപ്പിക്കപ്പെട്ടതും സ്വയാധികാരമുള്ളതെന്ന് പ്രത്യക്ഷമായോ പരോക്ഷമായോ സഭയുടെ പരമാധികാരത്താൽ അംഗീകരിക്കപ്പെട്ടതുമായ ക്രൈസ്തവവിശ്വാസികളുടെ സമൂഹത്തെ ഈ നിയമസംഹിതയിൽ "സ്വയാധികാര (sui iuris) സഭ" എന്ന് വിളിക്കുന്നു." ഈ കാനോനയനുസരിച്ച് സ്വയാധികാരസഭയെന്ന് വിളിക്കപ്പെടുവാൻ വേണ്ട അവശ്യകാര്യങ്ങൾ മൂന്നാണ്: 1) അത് വിശ്വാസികളുടെ സമൂഹമായിരിക്കണം; 2) അത് നിയമാനുസൃതം ഒരു ഹയരാർക്കിയാൽ ഒന്നിക്കപ്പെട്ടതായിരിക്കണം; 3) സ്വയാധികാര സഭയെന്ന് കത്തോലിക്കാസഭയുടെ പരമാധികാരത്താൽ അംഗീകരിക്കപ്പെട്ടിരിക്കണം. (cf. പൗരസ്ത്യ സഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, പേജ് 78).

'സ്വയാധികാര സഭ', റീത്ത്, ആരാധനക്രമപാരമ്പര്യം എന്നീ മൂന്ന് വാക്കുകൾ തമ്മിലുള്ള ബന്ധവും വ്യതിരക്തതയും CCEO കാനൻ 28 ൽ ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു:

§1. ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം ഇവയിലൂടെ രൂപീകൃതമാ യിട്ടുള്ളതും ജനപദങ്ങളുടെ ചരിത്രപരമായ സാഹചര്യങ്ങളാലും സംസ്കാരത്താലും വ്യതിരിക്തമാക്കപ്പെട്ടിട്ടുള്ളതും ഓരോ സ്വയാധികാര സഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ചുകൊണ്ട് വെളിവാക്കുന്നതുമായ പൈതൃകമാണ് റീത്ത്.

§2. മറിച്ച് പ്രസ്താവിക്കാത്തപക്ഷം, ഈ നിയമസംഹിതയിൽ പ്രതിപാദിച്ചിരിക്കുന്ന റീത്തുകൾ അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ, അർമേനിയൻ, കാൽഡിയൻ, കോൺസ്റ്റാന്റിനോപോളിറ്റൻ പാരമ്പര്യങ്ങളിൽനിന്ന് ഉത്ഭവിച്ചിട്ടുള്ളവയാണ്.

മുകളിലുദ്ധരിച്ച ഇരുപത്തിഏഴും ഇരുപത്തിഎട്ടും കാനോനകളിൽനിന്ന് വ്യക്തമാകുന്ന കാര്യങ്ങൾ സ്വയാധികാരസഭ, റീത്ത്, ആരാധനക്രമപാരമ്പര്യം എന്നിവ മൂന്ന് വ്യത്യസ്തങ്ങളായ കാര്യങ്ങളെയാണ് സൂചിപ്പിക്കുന്നതെങ്കിലും അവ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയുമാണ് എന്നതാണ്. ചുരുക്കി പറഞ്ഞാൽ സീറോ-മലബാർ സഭ ഒരു സ്വയാധികാരസഭയാണ്. അത് കൽദായ ആരാധനക്രമപാരമ്പര്യത്തിൻ കീഴിൽ വരുന്നതാണ്. എന്നാൽ അത് കൽദായ സ്വയാധികാരസഭയുടെ ഭാഗമല്ല; അതിന്റെ കീഴിൽ വരുന്നുമില്ല. അതിനാൽ കൽദായ സ്വയാധികാരസഭയുടെ തീരുമാനങ്ങൾ ഈ സഭയെ ബാധിക്കുകയുമില്ല. എന്നാൽ, പൗരസ്ത്യ സുറിയാനി അഥവാ കൽദായ ആരാധനക്രമ പാരമ്പര്യം ഈ സഭയുടെ ചരിത്രപരവും ആധികാരികവു (authentic) മായ വ്യക്തിത്വത്തിന്റെ ഭാഗവുമാണ്.

'സ്വയാധികാരസഭ'കൾക്ക് മാർപാപ്പയുടെ ഭരണ

ത്തിൻകീഴിൽ തങ്ങളുടെ സഭയുടെ കാര്യങ്ങളിൽ തീരുമാനമെടുത്ത് ഭരിക്കുന്നതിനുള്ള ഭരണസംവിധാനങ്ങളുണ്ട്. സ്വയാധികാരസഭകൾ പൗരസ്ത്യ കാനോനിക നിയമസംഹിതയനുസരിച്ച് നാല് തരങ്ങളായി (grades) തിരിച്ചിരിക്കുന്നു: പാത്രിയാർക്കൽ സഭകൾ, മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾ, മെത്രാപ്പൊലീത്തൻ സ്വയാധികാരസഭകൾ, മറ്റ് സ്വയാധികാരസഭകൾ എന്നിവയാണവ. ഇതിൽ രണ്ടാമത്തെ വിഭാഗത്തിലാണ് സീറോ-മലബാർ സഭ വരിക. കത്തോലിക്കാസഭയിൽ പരമാധികാരം മാർപാപ്പയ്ക്കും അതുപോലെ മാർപാപ്പയോട് ചേർന്നുനില്ക്കുന്ന മെത്രാൻ സംഘ (college of bishops) ത്തിനും മാത്രമാണെന്നും ഈ മെത്രാൻ സംഘത്തിന്റെ പരമാധികാരം ഔദ്യോഗികമായി കൈകാര്യം ചെയ്യുന്നത് സാർവത്രിക സൂനഹദോസിലൂടെയുമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭയെപ്പറ്റിയുള്ള പ്രമാണരേഖ വ്യക്തമാക്കുന്നു (LG 22). ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽസഭയെന്ന രീതിയിൽ സീറോ-മലബാർ സഭയുടെ ഭരണം നിക്ഷിപ്തമായിരിക്കുന്നത് സഭയുടെ പിതാവും തലവനുമായ (Father and head) മേജർ ആർച്ചുബിഷപ്പിലും സീറോ-മലബാർ സിനഡിലുമാണ്. സീറോ-മലബാർ സഭയിലെ എല്ലാ മെത്രാന്മാരും വൈദികരും ഡീക്കന്മാരും സമർപ്പിതരും അൽമായരുമായ ദൈവജനം മുഴുവനും മാർപാപ്പയെ മാത്രമല്ല, സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പിനെയും സിനഡിനെയും അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമായ ഒരു വസ്തുത, ദൈവജനം എന്ന് പറയുന്നത് അൽമായർ മാത്രമല്ല പ്രത്യുത മെത്രാന്മാരും വൈദികരും ഡീക്കന്മാരുമുൾപ്പെട്ട ഹയരാർക്കിയും സന്യസ്തരും അൽമായരും ഉൾപ്പെടെ മൂന്ന് ജീവിതാന്തസ്സുകളിലുംപെട്ട എല്ലാ വിശ്വാസികളുമാണ് എന്നതാണ്.

**2. സ്വയാധികാരസഭകളും ലിറ്റർജിയും**

'ലിറ്റർജി' അഥവാ പരസ്യദൈവാരാധന എന്നു പറഞ്ഞാൽ എന്തെന്ന് 668-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇങ്ങനെ നിർവചിച്ചിരിക്കുന്നു: "നിയമാനുസൃതം നിയുക്തരായ വ്യക്തികളാലും സഭാധികാരത്താൽ അംഗീകരിക്കപ്പെട്ട കർമ്മങ്ങളാലും സഭയുടെ നാമത്തിൽ നടത്തുന്ന ദൈവാരാധനയെ പരസ്യ ദൈവാരാധനയെന്നും അപ്രകാരമല്ലാത്തവയെ സ്വകാര്യ ദൈവാരാധനയെന്നും വിളിക്കുന്നു." മറ്റൊരു വാക്കിൽ പറഞ്ഞാൽ ലിറ്റർജി, സഭയുടെ നാമത്തിൽ, സഭ അംഗീകരിച്ച കർമ്മവിധിയനുസരിച്ച്, സഭ അംഗീകരിച്ച പ്രാർത്ഥനകൾ ചൊല്ലി, സഭ ചമുതലപ്പെടുത്തിയവർ പരികർമ്മം ചെയ്യുന്ന ഒന്നാണ്. അല്ലെങ്കിൽ, അത് സഭയുടെ പരസ്യദൈവാരാധനയല്ല, അഥവാ ലിറ്റർജി അല്ല. "പരസ്യാരാധനാവിധികളും കർമ്മങ്ങളും സഭ ഒദ്യോഗികമായി അംഗീകരിച്ചവയായിരിക്കണം" (പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, പേജ് 510).സീറോ-മലബാർ സഭയെ സംബന്ധിച്ചിടത്തോളം ആരാധനക്രമപുസ്തകങ്ങൾ അംഗീകരിക്കുവാനുള്ള അവകാശം "ശ്ലൈഹിക സിംഹാസനത്തിന്റെ മുൻകൂട്ടിയുള്ള പരിശോധനയ്ക്കുശേഷം" സീറോ-മലബാർ സിനഡിന്റെ സമ്മതത്തോടുകൂടി മേജർ ആർച്ചുബിഷപ്പിൽ നിക്ഷിപ്തമായിരിക്കുന്നതായി 657-ാം കാനോനയിൽനിന്നും മനസ്സിലാക്കാം. ഇങ്ങനെ വത്തിക്കാന്റെ അംഗീകാരം 2021 ജൂൺ 9-ാം തീയതി ലഭിച്ച്, 2021 സെപ്റ്റംബർ 8-ാം തീയതി പ്രഖ്യാപിച്ച് 2021 നവംബർ 28-ാംതീയതി സീറോ-മലബാർ സഭ മുഴുവനും നടപ്പിൽ വരുത്തിയ പുതിയ കുർബാനക്രമം സംബന്ധിച്ചാണ് ഇന്നും എറണാകുളം-അങ്കമാലി രൂപതയിലെ വിമതർ, ഇത് തങ്ങൾക്ക് ബാധകമല്ല എന്ന രീതിയിലുള്ള നിഷേധാത്മകമായ നിലപാട് എടുത്തിരിക്കുന്നത്. ഇതല്ലാതെ, മറ്റൊരു വിശുദ്ധ കുർബാന അർപ്പണ രീതിയും ഇന്ന് സീറോ-മലബാർസഭയിൽ നൈയ്യാമികമായി നിലവിലില്ല എന്നതാണ് വസ്തുത. അതിനാൽ സിനഡൽ കുർബാന എന്നല്ല, പ്രത്യുത സീറോ-മലബാർ സഭയുടെ കുർബാനയർപ്പണരീതി എന്നുതന്നെയാണ് 50:50 അർപ്പണരീതിയെ വിശേഷിപ്പിക്കേണ്ടത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമത്തെപ്പറ്റിയുള്ള പ്രമാണരേഖയുടെ 22-ാം ഖണ്ഡികയിൽ ഇങ്ങനെ പ്രതിപാദിക്കുന്നു: "1) **ആരാധനക്രമത്തിന്റെ നിയന്ത്രണം തിരുസ്സഭാധികാരികളെ മാത്രം** അതായത് പരിശുദ്ധ സിംഹാസനത്തേയും നിയമനുവദിക്കുന്നെങ്കിൽ മെത്രാനെയും **ആശ്രയിച്ചിരിക്കുന്നു**; 2) നിയമദത്തമായ അംഗീകാരമുപയോഗിച്ച് നിശ്ചിത പരിധിക്കുള്ളിൽ നിയമാനുസാരം സ്ഥാപിതമായ മെത്രാന്മാരുടെ പ്രാദേശികസംഘങ്ങൾക്കും ആരാധനക്രമസംബന്ധമായ നിയമനിർമ്മാണം ചെയ്യാവുന്നതാണ്; 3) തന്മൂലം മറ്റാർക്കും ഒരു വൈദികനുപോലും സ്വാധികാരത്താൽ ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതല്ല."

വത്തിക്കാൻ കൗൺസിലിന്റെ ഈ പഠനത്തെപ്പറ്റിയുള്ള അജ്ഞതയാണ് എറണാകുളം-അങ്കമാലി അതിരൂപതയിലെ ചില ഇടവക പ്രതിനിധിയോഗങ്ങളെ, തങ്ങളുടെ ഇടവകയിൽ "ജനാഭിമുഖ കുർബാനയല്ലാതെ മറ്റൊന്നും അനുവദിക്കുകയില്ല" എന്ന് പ്രസ്താവിക്കുവാൻ ഇടയാക്കിയതെന്ന് വ്യക്തം. ഇടവകസമിതികൾക്കോ, വൈദികർക്കോ തീരുമാനമെടുക്കാവുന്ന വിഷയമല്ല വിശുദ്ധ കുർബാന എങ്ങനെ പരികർമ്മണം ചെയ്യണം എന്നുള്ളത്. അവർക്ക് തീരുമാനമെടുക്കുവാൻ അവകാശമുള്ള വിഷയങ്ങൾ മറ്റ് പലതുമാണ്. അവരുടെ അംഗീകാരമോ സമ്മതമോ ആവശ്യമില്ലാത്ത ആരാധനക്രമസംബന്ധിയായ കാര്യത്തിൽ 'ഞങ്ങൾ അനുവദിക്കുകയില്ല' എന്നുള്ള അവരുടെ പരസ്യപ്രസ്താവന, കത്തോലിക്കാസഭയുടെ പരമാധികാരത്തെ ചോദ്യം ചെയ്യുന്നതുതന്നെയാണ്. അത് അനുസരണക്കേടാണ്; രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനത്തെ തള്ളിപ്പറയുന്നതാണ്; മാർപാപ്പ തന്നി

ട്ടുള്ള കാനൻ നിയമലംഘനവുമാണ്. മെത്രാൻ സിനഡ് പാസ്സാക്കി മേജർ ആർച്ചുബിഷപ്പ് വിളംബരം ചെയ്യുന്ന ആരാധനക്രമ സംബന്ധിയായ നിയമങ്ങൾ ലോകം മുഴുവൻ പ്രാബല്യമുണ്ട് എന്ന് 150-ാം കാനോനയുടെ രണ്ടാം ഖണ്ഡിക അർത്ഥശങ്കയ്ക്കിടമില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്.

ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി, ഇന്ത്യൻ പ്രസിഡന്റ് ഒപ്പിട്ട് നടപ്പിൽ വരുത്തിയ നിയമത്തെപ്പറ്റിയും ഇവർ ഇപ്രകാരം പ്രസ്താവന ഇറക്കുവാൻ ധൈര്യപ്പെടുമോ; അങ്ങനെ ചെയ്താൽ എന്തായിരിക്കും അതിന്റെ പരിണിതഫലം എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. രാജ്യത്തിന്റെ നിയമങ്ങൾ അനുസരിച്ചില്ലെങ്കിൽ ശിക്ഷ ലഭിക്കുമെന്നറിയാവുന്ന ഇവർ കത്തോലിക്കാസഭയിലെ നിയമങ്ങളോട് കാണിക്കുന്ന അസഹിഷ്ണുതയും കത്തോലിക്കാസഭയിലെ പരമാധികാരിയായ മാർപാപ്പയോടുപോലും കാണിക്കുന്ന അനുസരണക്കേടിനും കാരണമെന്ത് എന്ന ചോദ്യം ഇന്നും പ്രസക്തമായി തുടരുന്നു. അതിനുപുറകിൽ ആളും അർത്ഥവുമായി എത്തുന്ന, കത്തോലിക്കാസഭയുടെ നാശത്തിനായി ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്ന, പ്രതിലോമശക്തികൾ സഭാതനയരിൽ എത്രമാത്രം സ്വാധീനം ചെലുത്തി തുടങ്ങിയിരിക്കുന്നു എന്നത് ഉത്ക്കണ്ഠാജനകമാണ്. മാർപാപ്പ നേരിട്ട് കത്തെഴുതിയപ്പോൾ അത് മാർപാപ്പയുടെകത്തല്ല എന്ന് വാദിച്ചവരും, മാർപാപ്പ ഒരിക്കലും കൊടുത്തിട്ടില്ലാത്ത അനുവാദം കിട്ടിയെന്ന് നുണ പറഞ്ഞവരും, പരിശുദ്ധ സിംഹാസനം പരസ്യപ്പെടുത്തണമെന്നാവശ്യപ്പെട്ട കത്ത് തമസ്കരിച്ചവരും, തെറ്റ് ചൂണ്ടിക്കാണിച്ചിട്ട് അത് തിരുത്തണമെന്നാവശ്യപ്പെട്ടിട്ട് അത് തിരുത്താതിരുന്നവരുമെല്ലാം ഇങ്ങനെ സീറോ-മലബാർ സഭയുടെയും അതുവഴി കത്തോലിക്കാസഭയുടെയും പതനം കാംക്ഷിച്ചവരും അതിനായി അദ്ധ്വാനിച്ചവരുമാണെന്ന് പറയേണ്ടതായി വന്നിരിക്കുന്നു. മാർപാപ്പ വിളംബരം ചെയ്ത് നടപ്പിലാക്കി അനുസരിക്കുവാൻ ആവശ്യപ്പെട്ട് നല്കിയിരിക്കുന്ന നിയമസംഹിതയ്ക്ക് പുല്ലുവില കല്പിക്കുന്ന ഇവർ, പിന്നെ എങ്ങനെയാണ് സ്വയം കത്തോലിക്കർ എന്ന് വിളിക്കുന്നത് എന്ന് മനസ്സിലാവുന്നില്ല. മാർപാപ്പയേയും പൗരസ്ത്യ കാനോനിക നിയമസംഹിതയേയും സീറോ-മലബാർ സഭയുടെ അദ്ധ്യക്ഷനേയും സിറോ-മലബാർ സിനഡിനേയും തള്ളിപ്പറയുന്ന ആർക്കും സീറോ-മലബാർ സഭയിൽ തുടുവാൻ അർഹതയില്ല എന്നത് വ്യക്തം.

### 3. ജനാഭിമുഖ കുർബാന സീറോ-മലബാർ സഭയിൽ

1968 വരെ സീറോ-മലബാർ സഭയിൽ മുഴുവൻ സമയവും - അതായത് ആദ്യന്തം - അൾത്താരാഭിമുഖമായി കാർമ്മികനും ദൈവജനം മുഴുവനും ഒരുഗണമായി ഒരേ ദിശയിലേക്ക് തിരിഞ്ഞ് ഒറ്റ കൂട്ടായ്മയായാണ് വിശുദ്ധ കുർബാന അർപ്പിച്ചിരുന്നത്. 1968-ലെ റോമിൽനിന്ന് പരീക്ഷണാർത്ഥം അംഗീകരിച്ചുകിട്ടിയ സീറോ-മലബാർ കുർബാന തക്സയിലെ ബലിയർപ്പണരീതിയെപ്പറ്റിയുള്ള നിർദ്ദേശങ്ങളിൽ അഞ്ചാമത്തേത്, വിശുദ്ധ കുർബാനയുടെ പ്രാരംഭഭാഗം ജനാഭിമുഖമാകാമെന്ന ഒരു ഐശ്ചിക നിർദ്ദേശം (option) ആയിരുന്നു. അതിന്റെയർത്ഥം അനാഫൊറ തുടങ്ങിയുള്ള കൂദാശ പ്രാർത്ഥനകൾ ജനാഭിമുഖമല്ലാതെ, അൾത്താരാഭിമുഖമായി, അതുവരെ ബലിയർപ്പിച്ചിരുന്നതുപോലെതന്നെ തുടർന്നും അർപ്പിക്കണമെന്നായിരുന്നു. എന്നാൽ, പല സ്ഥലങ്ങളിലും, തക്സയിലെ നിർദ്ദേശത്തിന് വിപരീതമായി, നിയമം ലംഘിച്ചുകൊണ്ടുതന്നെ ജനാഭിമുഖ ബലിയർപ്പണം ആരംഭിക്കുന്നതായാണ് കാണുന്നത്. അങ്ങനെ നിയമവിരുദ്ധമായി ആരംഭിച്ചതാണ് സീറോ-മലബാർ സഭയിലെ ജനാഭിമുഖ ബലിയർപ്പണം. അങ്ങനെയൊരു ബലിയർപ്പണരീതി, ഒരു കാലത്തും വത്തിക്കാൻ സീറോ-മലബാർ സഭയ്ക്കായി അംഗീകരിച്ചുതന്നതായി യാതൊരു രേഖകളിലും കാണപ്പെടുന്നില്ല. അക്കാലത്തിൽ സീറോ-മലബാർ സിനഡിന് രൂപം കൊടുത്തിട്ടില്ലാതിരുന്നതിനാൽ ലിറ്റർജി സംബന്ധമായ വിഷയങ്ങളിൽ തീരുമാനമെടുക്കുവാനുള്ള മുഴുവൻ അധികാരവും പരിശുദ്ധസിംഹാസനത്തിൽ മാത്രം നിക്ഷിപ്തമായിരുന്നുതാനും. 1968 ലെ പരീക്ഷണാർത്ഥമുള്ള കുർബാന തക്സയ്ക്ക് പകരം പിന്നീട് വരുന്നത് 1986 ൽ അംഗീകരിച്ച വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ കോട്ടയത്തുവച്ച് ചൊല്ലി ഉദ്ഘാടനം ചെയ്ത റാസക്രമമാണ്. ആ തക്സയിലും തുടർന്ന് 1989 ലെ ചുരുക്കം ചില മാറ്റങ്ങളിലോ ജനാഭിമുഖ കുർബാന അംഗീകരിക്കപ്പെട്ടിട്ടില്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ 2000 ലെ പല മെത്രാന്മാരും കൊടുത്ത ഡിസ്പെൻസേഷന് മുമ്പ് സീറോ-മലബാർ സഭയിൽ നടന്ന എല്ലാ ജനാഭിമുഖ കുർബാനകളും നിയമവിരുദ്ധമായിരുന്നു എന്നതാണ് വാസ്തവം. 1507-ാം കാനോനയുടെ രണ്ടാം ഖണ്ഡിക ഇങ്ങനെ പ്രതിപാദിക്കുന്നു: "നിയമത്തിൽ വ്യക്തമായി നിരാകരിക്കപ്പെട്ട ഒരാചാരം യുക്തിസഹമല്ല." അതേ കാനോനയുടെ ഒന്നാം ഖണ്ഡിക കൂടി ചേർത്തുവായിച്ചാലേ, എന്തുകൊണ്ടാണ് ഇക്കാര്യം എടുത്തുപറഞ്ഞിരിക്കുന്നു എന്ന് വ്യക്തമാവുകയുള്ളൂ. ഒന്നാം ഖണ്ഡികയിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "യുക്തിസഹമായതും നിയമം സ്വീകരിക്കുവാനെങ്കിലും പ്രാപ്തമായ ഒരു സമൂഹത്തിൽ ആരംഭിച്ചതും തുടർച്ചയായും അവിതർക്കിത (uncontested) മായും നിയമത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതുമായ ഒരു ആചാരത്തിനുമാത്രമേ നിയമപ്രാബല്യം ലഭിക്കൂ." മറ്റൊരു വാക്കിൽ പറഞ്ഞാൽ ഒരു ആചാരത്തിന് നിയമപ്രാബല്യം ലഭിക്കണമെങ്കിൽ അതിൽ നിയമലംഘനം ഒരുകാലത്തും ഉണ്ടാകുവാൻ പാടില്ല. "മുപ്പത് പൂർണ്ണവർഷങ്ങൾ തുടർച്ചയായി **നിയമാനുസൃതം** അനുഷ്ഠിച്ചുപോന്നെങ്കിൽ" മാത്രമെ ഒരു ആചാരത്തിന് (custom) നിയമപ്രാബല്യം ലഭിക്കാനുള്ള സാദ്ധ്യത കാനൻ നിയമം നല്കുന്നുള്ളൂ. എന്നാൽ നിയമലംഘനത്തിലൂടെ ആരംഭിക്കുകയും നിയമലംഘനത്തിലൂടെ തുടരുകയും ചെയ്ത ഒരാചാരം ഒരിക്കലും, മുപ്പത് വർഷ

ത്തിനുശേഷവും നിയമാനുസൃതമാകുകയില്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഒരു കള്ളൻ മുപ്പതു വർഷത്തിലധികം തുടർച്ചയായി മോഷ്ടിച്ചതു കൊണ്ട് മോഷണം തെറ്റ് അല്ലാതാവുന്നില്ല. ബ്രിട്ടീഷ് സാമ്രാജ്യം നൂറുവർഷത്തിലേറെ ഇന്ത്യയെ ഭരിച്ചതുകൊണ്ട് മാത്രം അവരുടെ ഭരണം നിയമാനുസൃതമായിരുന്നുവെന്ന് ആർക്കും പറയാനുമാവില്ല. എറണാകുളം നഗരത്തിലെ റോഡുകളിലൂടെ ട്രാഫിക് നിയമമനുസരിച്ച് വണ്ടിയോടിക്കുക എന്നത് തുലോം ദുഷ്കരം തന്നെ. എന്നാൽ ട്രാഫിക് നിയമം ലംഘിച്ചതിന് പോലീസ് പിടിക്കുമ്പോൾ കഴിഞ്ഞ മുപ്പതുവർഷത്തിലധികമായി ഞാൻ ഇങ്ങനെ നിയമം ലംഘിച്ചാണ് വണ്ടിയോടിച്ചിരുന്നത്, അതിനാൽ അതെന്റെ അവകാശമാണ് എന്ന് പോലീസിനോടോ കോടതിയിലോ വാദിച്ചാൽ അത് വിലപ്പോവില്ല എന്നത് വ്യക്തം. ചുരുക്കിപ്പറഞ്ഞാൽ ജനാഭിമുഖ കുർബാനയർപ്പണരീതി, സീറോ-മലബാർ സഭയുടെ ചരിത്രത്തിൽ ഇതുവരെയുള്ള ഒരു ആരാധനക്രമഗ്രന്ഥങ്ങളിലും നിയമപരമായി അംഗീകാരം നേടി സ്ഥലം പിടിച്ചിരുന്ന ഒരു കാര്യമല്ല. അത് നിയമലംഘനമായി ആരംഭിക്കുകയും അങ്ങനെതന്നെ തുടരുകയും 2000 ൽ 50:50 കുർബാന അർപ്പണരീതി വത്തിക്കാന്റെ അനുവാദത്തോടെ സീറോ-മലബാർ സിനഡ് അംഗീകരിച്ച് വർക്കി വിതയത്തിൽ പിതാവ് സീറോ-മലബാർ സഭയിൽ നടപ്പിലാക്കുവാൻ പരിശ്രമിച്ചപ്പോൾ, ആ പിതാവ് ഉൾപ്പെടെ കൊടുത്ത ഡിസ്പെൻസേഷൻവഴി ചില രൂപതകളിൽ നിയമവിധേയമായി മാറിയതുമാണ്. 1538-ാം കാനോനയുടെ തെറ്റായ വ്യാഖ്യാനത്തിലൂടെ കൊടുത്ത ആ ഡിസ്പെൻസേഷൻ നിയമവിരുദ്ധമാണെന്ന് പരിശുദ്ധസിംഹാസനം 2020 ൽ വിശദീകരിച്ചതോടുകൂടി, അതിനുശേഷം പൊതുഒഴിവ് നിയമാനുസരണത്തിൽനിന്നും ഒരു രൂപതയ്ക്ക് മുഴുവനായി യാതൊരു മെത്രാനും നല്കുവാൻ സാദ്ധ്യമല്ല എന്നതും വ്യക്തം.

ഈ പശ്ചാത്തലത്തിൽ വേണം കരിയിൽ പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് 2021 നവംബർ 26-ാം തീയതി നല്കിയ ഡിസ്പെൻസേഷൻ അസാധുവും നിയമവിരുദ്ധവും തിരുത്തപ്പെടേണ്ടതാണെന്നുമുള്ള പരിശുദ്ധ സിംഹാസനത്തിന്റെ കത്തുകളെയും നിർദ്ദേശങ്ങളെയും വിലയിരുത്തുവാൻ.

**4. ലോകം മുഴുവനും ജനാഭിമുഖ കുർബാനയോ?**

എറണാകുളം വിമതരുടെ ഒരു മുദ്രാവാക്യമാണ് ലോകം മുഴുവനുമുള്ള ജനാഭിമുഖ കുർബാന തങ്ങൾക്കും വേണമെന്നുള്ളത്. എന്നാൽ, ലത്തീൻ സഭയിൽ മാത്രമാണ് ലോകം മുഴുവൻ ജനാഭിമുഖ കുർബാനയുള്ളത്. ഇരുപത്തിമൂന്ന് പൗരസ്ത്യ കത്തോലിക്കാ സ്വയാധികാര സഭകളിൽ, കേരളത്തിൽത്തന്നെയുള്ള മലങ്കര സഭയിലുൾപ്പെടെ ഇരുപത്തിരണ്ട് സഭകളിലും ജനാഭിമുഖ കുർബാന അനുവദിച്ചിട്ടില്ല; പ്രത്യുത അവർ ഇപ്പോഴും അവരുടെ പരമ്പരാഗതമായ അൾത്താരാഭിമുഖ കുർബാന തന്നെയാണ് തുടരുന്നത്. സീറോ-മലബാർ സഭയിൽ 50:50 രീതിയും കൽദായസഭയിലെ ജനാഭമുഖ കുർബാനയ്ക്കുള്ള അനുവാദമൊഴിച്ച് പൗരസ്ത്യ കത്തോലിക്കാസഭകളിലൊരിടത്തും ജനാഭിമുഖ കുർബാന അനുവദനീയമല്ല എന്നതാണ് വാസ്തവം. അതുപോലെ ഇന്ത്യയിലെ യാക്കോബായ, ഓർത്തഡോക്സ്, ശൂറായി സഭകളിലെല്ലാം നിലനില്ക്കുന്നത് പൂർണ്ണമായ അൾത്താരാഭിമുഖമായ ബലിയർപ്പണം തന്നെയാണ്. ഇതുതന്നെയാണ് ലോകം മുഴുവനുമുള്ള മറ്റ് പൗരസ്ത്യ അകത്തോലിക്കാ സഭകളിലെയും രീതി. ലത്തീൻ സഭയിൽ നടക്കുന്നതെല്ലാം അതേപടി ഞങ്ങൾക്കും വേണം, എന്നാൽ ഞങ്ങൾ ലത്തീൻ സഭയിൽ ചേരുകയുമില്ല എന്ന ദുർവാശിയാണ് എറണാകുളം വിമതരുടെ മുഖമുദ്ര എന്ന് തോന്നിപ്പോകുന്നു. ഇത് ബാസ്കറ്റ്ബോൾ കോർട്ടിൽ തങ്ങൾക്ക് ഫുട്ബോൾ കളിക്കണം എന്ന് വാശിപിടിക്കുന്ന കുട്ടികളുടെ ദുർവാശിപോലെ തള്ളിക്കളയേണ്ട ഒന്നുതന്നെ. ബാസ്കറ്റ്ബോൾ കളിക്കേണ്ടത് ബാസ്കറ്റ്ബോൾ കോർട്ടിൽ ബാസ്കറ്റ്ബോളിന്റെ നിയമങ്ങളനുസരിച്ചാണ്. അതുപോലെ ഫുട്ബോൾ കളിക്കേണ്ടത് ഫുട്ബോൾ കോർട്ടിൽ ഫുട്ബോളിന്റെ നിയമങ്ങളനുസരിച്ചും. അതുപോലെ ലത്തീൻസഭയിലെ ബലിയർപ്പിക്കേണ്ടത് റോമൻ മിസൽ ഉപയോഗിച്ചും അതിലെ അർപ്പണസംബന്ധമായ നിയമങ്ങളനുസരിച്ചുമാണ്. അതുപോലെതന്നെ, സീറോ-മലബാർ സഭയുടെ പരസ്യാരാധനയായ വിശുദ്ധ കുർബാന അർപ്പിക്കേണ്ടത്

ഇവന് യഹൂദരുടെ രാജാവായ യേശുവാണ് എന്ന ആരോപണം അവര് അവന്റെ ശിരസ്സിനു മുകളില് എഴുതിവച്ചു.
മത്തായി 27 : 37




**എന്താണ് INRI?**

റോമൻ ഭരണകൂടം മരണത്തിന് വിധിക്കപ്പെട്ട വ്യക്തി ഒരു ചെറിയ പലകയും (Tablet) കൂടെ കൊണ്ടുപോകണം

ഇതിൽ രണ്ട് കാര്യങ്ങൾ എഴുതിയിരിക്കും -
1 - തൻറെ മേൽ ആരോപിക്കപ്പെട്ട കുറ്റം (Titulus)
2 -മരണ ശിക്ഷ വിധിക്കാനുള്ള കാരണം (Causa Poenae)

ഇതാണ് ' Iesus Nazarenus Rex Iudaorum' (ഇവൻ യഹൂദരുടെ രാജാവായ യേശു) എന്ന് എഴുതിയത്.

ക്രൂശിക്കപ്പെടുന്ന സഭയുടെ മുകളിൽ സ്വന്തം വിധികൾ ചാർത്തുന്ന മാധ്യമ വിചാരണ ...

KEENER, CRAIG S., The Gospel of Matthew: A Socio-Rhetorical Commentary (Grand Rapids, MI; Cambridge, U.K. 2009) 680

സീറോ-മലബാർ തക്സ ഉപയോഗിച്ചും അതിൽ പറഞ്ഞിരിക്കുന്ന അർപ്പണരീതി പാലിച്ചുകൊണ്ടുമാണ്.

എറണാകുളം വിമതരുടെ മറ്റൊരു വാദം കൽദായ സഭയിൽ ജനാഭിമുഖ കുർബാന അനുവദിക്കപ്പെട്ടിരിക്കുന്നു; അതിനാൽ അതേ അനുവാദം തങ്ങൾക്കും വേണം എന്നതാണ്. "കൽദായവത്കരണ"ത്തിന് എതിരാണ് തങ്ങൾ എന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന ഇവർ തന്നെയാണ് 'കൽദായ സഭ'യുടെ പിറകേ പോകുന്നതെന്ന വസ്തുത കൗതുകമുളവാക്കുന്നതാണ്.

**5. അതിതീവ്ര പ്രാദേശികവാദം എറണാകുളം-അങ്കമാലി അതിരൂപതയിൽ**

എറണാകുളം വിമതരുടെ മറ്റൊരു വാദമാണ് തങ്ങൾ തങ്ങളുടെ അതിരൂപതാ മെത്രാനായി തങ്ങളുടെ രൂപതയിൽപെട്ട ഏതെങ്കിലും ഒരു വ്യക്തിയെ മാത്രമേ അംഗീകരിക്കുകയുള്ളൂ എന്ന്. എന്നാൽ സിവിൾ ഭരണ പശ്ചാത്തലത്തിൽ എറണാകുളം ജില്ലാ പോലീസ് മേധാവിയെയോ ജില്ലാ ഭരണകൂടത്തിന്റെ ഭരണാധികാരിയായ കളക്ടർ പദവിയിലോ തങ്ങളുടെ നാട്ടുകാരൻ അഥവാ നാട്ടുകാരി വേണമെന്ന് അവർ ആവശ്യപ്പെട്ട് കാണുന്നുമില്ല. അക്കാര്യങ്ങൾ തീരുമാനിക്കുവാനുള്ള അധികാരവും സ്വാതന്ത്ര്യവും അവർക്കില്ല എന്ന് അവർക്ക് വ്യക്തമായി അറിയാം എന്ന് സാരം. തങ്ങളുന്നയിക്കുന്ന ഇതേ പ്രാദേശികവാദ മുദ്രാവാക്യം മാണ്ഡ്യ രൂപതാംഗങ്ങളും ഛാന്ദാ രൂപതാംഗങ്ങളും ഫരീദാബാദ് രൂപതാംഗങ്ങളും ഉയർത്തിയാലുള്ള ഭവിഷ്യത്തും ഈ മുദ്രാവാക്യം മുഴക്കുന്നവർ ഓർക്കുന്നത് നല്ലതാണ്. ഇനി ഒരു പടികൂടി കടന്ന്, ഓരോ ഇടവകക്കാരും തങ്ങളുടെ ഇടവകാംഗം തന്നെയായിരിക്കണം തങ്ങളുടെ ഇടവകയുടെ വികാരിയും അസ്തേന്തിമാരും എന്നുകൂടി വാദിച്ചുതുടങ്ങിയാൽ സംഭവം ജോറായി. വിവരക്കേടിന് കൊമ്പ് മുളയ്ക്കുക എന്ന് കേട്ടിട്ടേയുള്ളൂ. ഇപ്പോൾ അതാണ് എറണാകുളം വിമതരുടെ സ്വകാര്യമായ അഹങ്കാരം എന്ന് തോന്നുന്നു.

എറണാകുളം വിമതർ മനസ്സിലാക്കേണ്ട ഒരു വസ്തുത, എറണാകുളം-അങ്കമാലി അതിരൂപത സ്വയംഭൂവായി ഇവിടെ പൊട്ടിമുളച്ച ഒന്നല്ല എന്നതാണ്. തൃശൂർ വികാരിയാത്തിന്റെയും കോട്ടയം വികാരിയാത്തിന്റെയും സ്ഥല സ്ഥാപന നഷ്ടത്തിൽനിന്നുരുത്തിരിഞ്ഞതാണ് എറണാകുളം വികാരിയാത്ത്. അതിലെ കോട്ടയം വികാരിയാത്തിന്റെ ഇന്നത്തെ തുടർച്ച ചങ്ങനാശ്ശേരി അതിരൂപതയുമാണ്. അങ്ങനെ വീക്ഷിക്കുമ്പോൾ എറണാകുളം-അങ്കമാലി അതിരൂപതയുടെ മാതൃരൂപതാസ്ഥാനത്താണ് തൃശൂർ അതിരൂപത നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ, തൃശൂർ അതിരൂപതാദ്ധ്യക്ഷനെ എറണാകുളം - അങ്കമാലി അതിരൂപതയുടെ ഭരണം ഏല്പിച്ച നടപടി ഉത്തമമായ ഒരു തീരുമാനം മാത്രമായേ കണക്കാക്കാനാവൂ.

**6. 2022 സെപ്റ്റംബർ 20-ാം തീയതിയിലെ വിശദീകരണക്കുറിപ്പ്**

2022 സെപ്റ്റംബർ 20-ാം തീയതി സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിൽനിന്ന് ചാൻസലറച്ചൻ പുറപ്പെടുവിച്ച "വിശദീകരണക്കുറിപ്പ്" (Prot.No.0941/2022) എറണാകുളം വിമതരുടെ അസത്യപ്രചാരങ്ങളുടെ മുനയൊടിയുവാൻ തീർച്ചയായും പര്യാപ്തമാണ്. പ്രത്യേകിച്ചും ആ വിശദീകരണക്കുറിപ്പിനോടുകൂടി നല്കിയിരിക്കുന്ന എട്ട് ആധികാരികരേഖകൾ. ഇവയിൽ 2021 ഡിസംബർ 7 നും 2022 ജനുവരി 7 നും 2022 ഏപ്രിൽ 1 നും പൗരസ്ത്യ തിരുസ്സംഘം കരിയിൽ പിതാവിനുകൊടുത്ത കത്തുകളും അവയുടെ പരിഭാഷകളും പെടുന്നു. മറ്റ് റോമൻ ഡോക്യുമെന്റുകളിൽനിന്നും കരിയിൽ പിതാവിന് മുകളിൽ പറഞ്ഞിട്ടുള്ള ദിവസങ്ങളിൽ കത്തുകൾ നല്കപ്പെട്ടിട്ടുണ്ട് എന്ന് മനസ്സിലാകുമായിരുന്നുവെങ്കിലും ആ കത്തുകളുടെ യഥാർത്ഥ ഉള്ളടക്കവും ഭാഷാശൈലിയും ഇതുവരെ സഭാതനയർക്ക് കണ്ട് മനസ്സിലാക്കുവാൻ സാദ്ധ്യമായിരുന്നില്ല. താമസിച്ചാണെങ്കിലും, അവ പൊതുജനസമക്ഷത്ത് പഠന വിചിന്തനങ്ങൾക്കായി ലഭ്യമാക്കിയ നടപടി തീർച്ചയായും ശ്ലാഘനീയം തന്നെ.

ഈ വിശദീകരണക്കുറിപ്പിൽ നിന്നും വ്യക്തമാകുന്ന പല കാര്യങ്ങളിലൊന്ന് ഫ്രാൻസീസ് മാർപാപ്പയിൽനിന്ന് കരിയിൽ പിതാവിന്, അദ്ദേഹം ആവർത്തിച്ച് അവകാശപ്പെട്ടിരുന്നതുപോലെയുള്ള യാതൊരു പ്രത്യേക അനുവാദവും ഒരിക്കലും നല്കപ്പെട്ടിരുന്നില്ല എന്നതാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഇക്കാര്യത്തിൽ കരിയിൽ പിതാവ് പറഞ്ഞത് പച്ചക്കള്ളം ആണെന്നുള്ളത് പകൽപോലെ വ്യക്തം. എറണാകുളം വിമതരുടെ ഒരു പൊള്ളയായ അവകാശവാദമായിരുന്നു, തങ്ങളുടെ അതിരൂപതയിൽ ജനാഭിമുഖ കുർബാനയർപ്പണത്തിന് ഫ്രാൻസീസ് മാർപാപ്പ കരിയിൽ പിതാവിന് നേരിട്ട് പ്രത്യേകാനുവാദം നല്കി എന്നത്. എന്നാൽ അങ്ങനെയൊരു അനുവാദം ഒരു കാലത്തും കരിയിൽ പിതാവിന് മാർപാപ്പ കൊടുത്തിരുന്നില്ല എന്നുള്ളതാണ് വസ്തുത. മുകളിൽ പറഞ്ഞ "വിശദീകരണക്കുറിപ്പും" അതിനോടുകൂടിയുള്ള റോമൻ രേഖകളും വായിച്ചാൽ എന്തുകൊണ്ട് കരിയിൽ പിതാവ് രാജിവയ്ക്കേണ്ടിവന്നു എന്ന് മനസ്സിലാക്കുവാൻ പിന്നെ ആർക്കും അധികം ബുദ്ധിമുട്ടേണ്ടിവരികയില്ല.

**7. മാർപാപ്പയെ മാത്രം അനുസരിച്ചാൽ മതിയോ, അതോ പരിശുദ്ധ സിംഹാസനത്തെയും അനുസരിക്കണമോ?**

എറണാകുളം വിമതരുടെ പുതിയ ഒരു വാദമാണ് തങ്ങൾ മാർപാപ്പയെ മാത്രമേ അനുസരിക്കുകയുള്ളൂ, പരിശുദ്ധ സിംഹാസനത്തെ അനുസരിക്കുകയില്ല എന്നത്. പൗരസ്ത്യ കാനൻ നിയമസംഹിതയിൽ 48-ാം കാനോന "പരിശുദ്ധ സിംഹാസനം", "ശ്ലൈഹിക സിംഹാസനം", "അപ്പസ്തോലിക

സിംഹാസനം" എന്ന വാക്കുകൊണ്ടർത്ഥമാക്കുന്നത് എന്തിനെയെന്ന് ഇങ്ങനെ വിശദീകരിക്കുന്നു: "നിയമത്തിൽ മറിച്ച് നിർദ്ദേശിക്കപ്പെടുകയോ സംഗതിയുടെ സ്വഭാവം മറിച്ച് സ്ഥാപിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, ഈ നിയമസംഹിതയിൽ "അപ്പസ്തോലിക സിംഹാസനം", "പരിശുദ്ധ സിംഹാസനം" എന്നീ പേരുകൾ ദ്യോതിപ്പിക്കുന്നത് റോമാ മാർപാപ്പയെ മാത്രമല്ല, റോമൻ കൂരിയായുടെ ഉപകാര്യാലയങ്ങളേയും മറ്റ് സ്ഥാപനങ്ങളേയുംകൂടിയാണ്.

മറ്റൊരു വാക്കിൽ പറഞ്ഞാൽ, മാർപാപ്പ സാർവത്രികസഭയിലെ തന്റെ ഭരണശുശ്രൂഷ ചെയ്യുന്നത് റോമൻ കൂരിയാ വഴിയാണ്. അതിനാൽ ആ റോമൻ കൂരിയായുടെ ഉത്തരവുകളും നിർദ്ദേശങ്ങളും മാർപാപ്പയുടെ അധികാരത്തിൽനിന്നു വരുന്നവയായിത്തന്നെ കണ്ട് അവ അനുസരിക്കുവാൻ ഓരോ കത്തോലിക്കനും ചുമതലയുണ്ട്. അടുത്തകാലത്ത് കേട്ടുതുടങ്ങിയ മറ്റൊരു വിചിത്രമായ വാദമാണ്, മാർപാപ്പയെപ്പോലും വിശ്വാസവും സന്മാർഗ്ഗവും സംബന്ധിയായ കാര്യങ്ങളിൽ മാത്രം അനുസരിച്ചാൽ മതിയെന്നത്. ഇത് തീർത്തും അബദ്ധജടിലമായ ഒരു വാദമായി തീർത്തും തള്ളിക്കളയേണ്ടതാണ്. വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച കാര്യങ്ങളിലുള്ള റോമാ മാർപാപ്പയുടെ പഠനം തിരസ്കരിക്കുന്നവരെ പാഷണ്ഡിയായി വലിയ മഹറോൻ ശിക്ഷ നല്കി ശിക്ഷിക്കണമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിലും കാനൻ നിയമവും പഠിപ്പിക്കുന്നത് (CCEO c.1436). എന്നാൽ മാർപാപ്പയുടെ അധികാരത്തെ ധിക്കരിക്കുന്നവരെ ശിക്ഷിക്കുവാൻ 'ശീശ്മ' എന്ന മറ്റൊരു തിന്മയെപ്പറ്റി 1437-ാം കാനോന പ്രതിപാദിക്കുന്നുണ്ട് എന്നതും നാം ഓർക്കേണ്ടതാണ്.

**ഉപസംഹാരം**

എറണാകുളം വിമതരുടെ പ്രതീക്ഷ, തങ്ങൾ നിയമം ലംഘിച്ച് തുടർന്നുകൊണ്ടിരിക്കുന്ന ജനാഭിമുഖ കുർബാന ഒരു 'ലിറ്റർജിക്കൽ വേരിയന്റ്' ആയി കത്തോലിക്കാ സഭാനേതൃത്വം അംഗീകരിച്ചുതരും എന്നതാണ് എന്ന് തോന്നുന്നു. എന്നാൽ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളുടെ വെളിച്ചത്തിൽ ചിന്തിച്ചാൽ അങ്ങനെയൊരു സാദ്ധ്യതയും കാണുന്നില്ല എന്നുവേണം പറയുവാൻ. "മനുഷ്യനാണ് ദൈവം" എന്നുറക്കെ പ്രഖ്യാപിച്ച കലൂർ സ്റ്റേഡിയ വിശ്വാസസംരക്ഷണ സമ്മേളനത്തിലെ ദൈവശാസ്ത്ര വീക്ഷണം കത്തോലിക്കാസഭയിലെ ആധികാരികമായ പഠനങ്ങളോട് ചേർന്നു നില്ക്കുന്നതല്ല എന്നും, ഇനിയും നിയമലംഘനത്തിൽ തുടരാതെ, സഭാധികാരികളെയും സഭാപഠനങ്ങളെയും അംഗീകരിക്കുക എന്നതുമാത്രമാണ് കരണീയമെന്നും എറണാകുളം വിമതർ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ലത്തീൻസഭയിൽ, റോമൻ മിസലിനോടൊപ്പം അംബ്രോസിയൻ ലിറ്റർജി, ഒരു ലിറ്റർജിക്കൽ വേരിയന്റ് ആയി മാർപാപ്പ അംഗീകരിക്കുകയും മിലാൻ



രൂപതയിൽ ആ അംബ്രോസിയൻ ലിറ്റർജി തുടർന്നു വരികയും ചെയ്യുന്നു എന്നതാണ്, ഇന്ന് എറണാകുളം വിമതർ 'ലിറ്റർജിക്കൽ വേരിയന്റ്'നായി മുറവിളി കൂട്ടുന്നതിന്റെ ചരിത്രപരമായ അടിസ്ഥാനം. എന്നാൽ 'അംബ്രോസിയൻ റീത്ത്' അഥവാ 'മിലാൻ റീത്ത്' എന്നുപറയുന്ന ഈ ആരാധനക്രമം നാലാം നൂറ്റാണ്ടിൽ ആരംഭിച്ചതും കഴിഞ്ഞ 1500 ൽപരം വർഷങ്ങളായി തുടരുന്നതും പല റോമാ മാർപാപ്പമാരും ആവർത്തിച്ചംഗീകരിച്ചതും ഒരു കാലത്തും നിയമവിരുദ്ധമായി ആരംഭിച്ചതുമല്ലെന്നോർക്കണം. വിശുദ്ധ അഗസ്തീനോസിന്റെ വാക്കുകളിൽ, അത് വിശുദ്ധ അംബ്രോസ്തന്നെ വരുത്തിയ മാറ്റങ്ങൾ ചേരുന്നതാണ് ഈ അംബ്രോസിയൻ റീത്ത്. അതുമായി, എറണാകുളം-അങ്കമാലി അതിരൂപതയിൽ അനധികൃതമായി ആരംഭിക്കുകയും നിയമനിഷേധത്തിലൂടെ തുടരുകയും ചെയ്യുന്ന ജനാഭിമുഖ കുർബാനയുമായി തുലനം ചെയ്യുന്നത് ഒരു വലിയ തെറ്റുതന്നെ എന്ന് നിസ്സംശയം പറയാം.

ചുരുക്കിപ്പറഞ്ഞാൽ, ജനാഭിമുഖബലിയർപ്പണം, സീറോ-മലബാർ സഭയിൽ നിയമവിരുദ്ധമായി ആരംഭിച്ചതും നിയമവിരുദ്ധമായി ഇപ്പോൾ എറണാകുളം-അങ്കമാലി അതിരൂപതയിൽ തുടരുന്നതുമായ ഒന്നാകയാൽ അത് സീറോ-മലബാർ വിശ്വാസികളുടെ അവകാശമല്ല. പൗരസ്ത്യ സഭകളുടെ കാനോനിക സംഹിതയിലെ 17-ാം കാനോന ഇങ്ങനെ പ്രഖ്യാപിക്കുന്നു: "തങ്ങളുടെ സ്വയാധികാരസഭയുടെ നിബന്ധനകൾക്കനുസരിച്ച് ദൈവാരാധന നടത്തുന്നതിനും സഭയുടെ പ്രബോധനങ്ങൾക്കനുസൃതമായി തങ്ങളുടെ ആദ്ധ്യാത്മിക ജീവിതരീതി പിഞ്ചെല്ലുന്നതിനും ക്രൈസ്തവവിശ്വാസികൾക്ക് അവകാശമുണ്ട്." ഈ കാനോനയനുസരിച്ച് വിശ്വാസികളുടെ അവകാശം തക്സായിലെ നിർദ്ദേശങ്ങളനുസരിച്ച്, തക്സയിലെ പ്രാർത്ഥനകൾ ചൊല്ലി അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാനാണ് എന്നത് വ്യക്തം.